ഡോ. ബി. ഇക്ബാൽ

ഓഫീസ് ഫോൺ	വീട്ടിലെ ഫോൺ
രൂപ	രൂപ
66,002	99,311

ഡോ. കെ. എൻ. ശ്യാമസുന്ദരൻ നായർ

ഓഫീസ് ഫോൺ	വീട്ടിലെ ഫോൺ
രൂപ	രൂപ
57,067	98,725

ശ്രീ. എം. കെ. സാംബമൂർത്തി

ഓഫീസ് ഫോൺ	വീട്ടിലെ ഫോൺ
	രൂപ
(ശ്രീ. എം. കെ. സാംബമൂർത്തിയും, ഡോ. കെ. എൻ ശ്യാമസുന്ദരൻ നായർക്കും കൂടി ഓഫീസ് ഫോൺ ഒന്നാണ്)	801

(സി) ഫുൾടൈം അംഗമായ ശ്രീ. ഇ. എം. ശ്രീധരൻ നമ്പൂതിരിപ്പാടിന് മാത്രമേ പ്രത്യേകമായി കാർ നൽകിയിട്ടുള്ളൂ. പ്രസ്തുത കാർ 26-10-1996 മുതൽ 14-2-2001 വരെയുള്ള കാലയളവിൽ 120568 കിലോമീറ്റർ ഓടിയിട്ടുണ്ട്. മറ്റ് അംഗങ്ങൾ ഔദ്യോഗികാവശ്യത്തിന് പ്ലാനിംഗ് ബോർഡിലെ പൊതുവായ വാഹനങ്ങൾ ഉപയോഗിക്കുന്നു.

(ഡി) ഫുൾടൈം അംഗത്തിന് പ്രാദേശിക യാത്രകൾക്ക് സർക്കാർ വകകാർ നൽകിയിട്ടുണ്ട്. മറ്റ് അംഗങ്ങളും ഔദ്യോഗികാവശ്യത്തിന് പ്ലാനിംഗ് ബോർഡിലെ വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ട്.

(ഇ) ഉത്തരം ചുവടെ ചേർക്കുന്നു.

	അംഗത്തിന്റെ പേര്	ടി എ	ഡി. എ
1.	ശ്രീ. ഇ. എം. ശ്രീധരൻ നമ്പൂതിരിപ്പാട്	4,10,833	76,206
2.	ഡോ. റ്റി. എം. തോമസ് ഐസക്	2,37,752	23,523
3.	ഡോ. കെ. എൻ. ശ്യാമസുന്ദരൻ നായർ	23,523	1,550
4.	ഡോ. ബി. ഇക്ബാൽ	1,80,470	34,842
5.	ശ്രീ. എം. കെ. സാംബമൂർത്തി	1,91,514	1,306

പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാന്റെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്

31 (964) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലാനിംഗ് ബോർഡ് വൈസ്ചെയർമാൻ ഇതുവരെ മെഡിക്കൽ റീം ഇംബേഴ്സ്മെന്റ് ഇനത്തിൽ എന്തു തുക പറ്റിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അദ്ദേഹം ടി.എ. ഡി.എ. എന്നീയിനങ്ങളിൽ ഇതുവരെ എന്തുതുക പറ്റിയിട്ടുണ്ട് ;

(സി) വീട് വാടകയിനത്തിലും അത് മോടി പിടിപ്പിക്കുന്നതിനും ഇതുവരെ എന്തു തുക ചെലവായി ;

(ഡി) വീടിനുവേണ്ടി വൈദ്യുതി ചാർജ്ജിനത്തിൽ എന്തു തുക ചെലവായി ;

(ഇ) കാറിന്റെ റിപ്പയറിംഗ് ഇനത്തിൽ ഇതുവരെ എന്തു തുക ചെലവായി ; പ്രസ്തുത കാർ എവിടെയാണ് റിപ്പയർ ചെയ്യുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 8,95,794 രൂപ

(ബി) ടി. എ - 3,34,894 രൂപ

ഡി. എ - 26,397 രൂപ

(സി) വീട് വാടകയിനത്തിൽ തുകയൊന്നും ചെലവായിട്ടില്ല. വീടിന്റെ വാർഷിക അറ്റകുറ്റപ്പണികൾക്ക് ഇതുവരെ 5,64,067 രൂപ ചെലവായി.

(ഡി) 66,772 രൂപ ചെലവായി.

(ഇ) വൈസ് ചെയർമാൻ ഉപയോഗിക്കുന്ന കാർ ടൂറിസം വകുപ്പിൽ നിന്നും നൽകിയിട്ടുള്ളതാണ്. കാർ റിപ്പയർ ചെയ്യുന്നത് ടൂറിസം വകുപ്പാണ്. ഗവൺമെന്റിന് അംഗീകൃത വർക്കുഷോപ്പുകളായ സ്റ്റാൻറൺ ഇൻഞ്ചിനീയേഴ്സ്, ജിജി മോട്ടോഴ്സ് യൂണിയൻ ഗ്യാരേജ് എന്നീ വർക്കുഷോപ്പുകളിലാണ് റിപ്പയർ പണി ചെയ്തിട്ടുള്ളത്. റിപ്പയറിംഗ് ഇനത്തിൽ 1,27,732 രൂപ ചെലവായിട്ടുണ്ട്.

സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ പുസ്തകങ്ങൾ

32 (965) ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റിന്റെ കാലത്ത് സംസ്ഥാന പ്ലാനിംഗ് ബോർഡ് എത്ര പുസ്തകങ്ങളും പ്രചാരണ ഗ്രന്ഥങ്ങളും മറ്റു പ്രസിദ്ധീകരണങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട് ;

(ബി) ഇവയുടെ തലക്കെട്ട് എന്താണ് ;

(സി) ഇവ ഓരോന്നിന്റെയും എത്ര കോപ്പി വീതം അച്ചടിച്ചു ;

(ഡി) അതിനുവേണ്ടി ഓരോന്നിനും എന്തു തുകവീതം ചെലവായി ;

(ഇ) ഇവ ഓരോന്നിന്റെയും കോപ്പി ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly